14. ,, P. Kunjukrishnan.
15. ,, Mankuzhi Madhavan.
16. ,, K. Sekhara Panicker.
17. ,, K. Sarangadharan.
18. Sahib Bahadur P. K. Makkaru Pillai.
19. Sri. R. Atchuthan,
20. ,, Alexander Vakayil.
21. ,, Krishnan Ayyappan.
22. ,, E. Bhaskaran.
23. ,, P. K. Raman.
24. ,, P. Nanoo.
25. ,, Poulose Pylee.
26. ,, Paul Thaliath.
27. ,, P. K. Paul.

Neutrals—Nil

The question that clause 96 stands part of the Bill was put and carried.
The clause was added to the Bill.

Clause 97

The question that clause 97 stand part of the Bill was put and carried.
The clause was added to the Bill.

Clause 1 and Preamble

The question that clause 1 and preamble stand part of the Bill was put and carried.

Clause 1 and preamble were added to the Bill.

Title

The question that the Title stand part of the Bill was put and carried.
The Title was added to the Bill.

Sri. L. M. Pylee: Sir, I move that the Bill be taken up for third reading tomorrow.

The Travancore-Cochin State Aid to Industries Bill

Minister for Industries and Labour **(Sri. P. K. Krishnankutty Menon)**: Sir, I rise to introduce the Travancore-Cochin State Aid to Industries Bill.

Minister for Finance & Food: **(Sri. K. M. Korah)** I second it.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഈ രാജ്യത്തു് എതാനും തരത്തിലുള്ള വ്യവസായങ്ങൾക്കു് ഗവൺമെൻറ് ധനസഹായം ചെയ്തുകൊടുക്കുന്നതിനു വേണ്ടി അവതരിപ്പിച്ചിട്ടുള്ള ഒരു ബില്ലാണു് ഇതു്. തിരുവിതാംകൂറിലും കൊച്ചിയിലും ഇതിനു് പ്രത്യേകം പ്രത്യേകം നിയമങ്ങളുണ്ടു്. തിരുവിതാംകൂർ വിഭാഗത്തെ നിയമം, മദ്രാസു്, ഒറീസ, ബങ്കാൾ എന്നീ സ്റ്റേറ്റുകളിൽ നടപ്പുള്ള നിയമങ്ങളെ അടിസ്ഥാനമാക്കി ഉണ്ടാക്കിയിട്ടുള്ളതാണു്. കൊച്ചിയിലെ നിയമം മദ്രാസിലെ നിയമത്തെ അടിസ്ഥാനമാക്കി ഉണ്ടാക്കിയിട്ടുള്ളതാകുന്നു. ഈ രണ്ടു നിയമത്തേയും സംയോജിപ്പിച്ചു ഒരു നിയമം ഉണ്ടാക്കാനാണു് ഈബില്ലു് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഈ ബിൽ തിരുവിതാംകൂർ വിഭാഗത്തു ഇപ്പോൾ നിലവിലുള്ള നിയമങ്ങളെ അടിസ്ഥാനമാക്കി ഉണ്ടാക്കിയിട്ടുള്ളതാണു്. തിരുവിതാംകൂർ വിഭാഗത്തിൽ ഇപ്പോൾ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകളും ഈ ബില്ലിലെ വ്യവസ്ഥകളും തമ്മിൽ കാര്യമായ യാതൊരു വ്യത്യാസവും ഇല്ല. ആ നിയമത്തിലെ മൂന്നാം വകുപ്പു് ഈ ബില്ലിൽ വേണ്ടെന്നുവച്ചിട്ടുള്ളതല്ലാതെ വേറെ പറയത്തക്ക ഭേദഗതികൾ ഒന്നുംതന്നെ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ലിലെ ആദ്യത്തെ അദ്ധ്യായം ഏതാനും വാക്കുകളുടെ നിർവ്വചനങ്ങൾ മാത്രമാണ്. രണ്ടാമത്തെ അദ്ധ്യായം വ്യവസായങ്ങൾക്ക് ധനസഹായം ചെയ്യുവാനുള്ള അപേക്ഷ കിട്ടുമ്പോൾ.—

Mr. Speaker: Is not the hon. Minister introducing the Travancore-Cochin Sale of Khaddar Bill?

Sri. P. K. Krishnankutty Menon: I am introducing the State Aid to Industries Bill.

Mr. Speaker: The next Bill in the agenda is Sale of Khaddar Bill. The Minister concerned may go on with the Sale of Khaddar Bill.

Sri. P. S. Nataraja Pillai: Sir, a point of order. Since the hon. Minister for Labour has already introduced the Bill and the Bill is seconded by hon. Mr. Korah, the other Bill may be taken up later. There is also a precedent for this practice.

Mr. Speaker: Yes, Since this Bill has been seconded already, the hno. Minister can continue with the State Aid to Industries Bill.

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ധനസഹായത്തിനുള്ള അപേക്ഷ കൊടുക്കുമ്പോൾ അതു പരിശോധിക്കാൻ ഒരു ബോർഡിനെ ഏർപ്പെടുത്തണമെന്നു വ്യവസ്ഥചെയ്തിരിക്കുന്നു. ആ ബോർഡിൽ ഏഴിൽ കുറയാത്ത അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും അവരിൽ അനുദ്യോഗസ്ഥാംഗങ്ങൾ ഭൂരിപക്ഷം ഉണ്ടായിരിക്കണമെന്നും വ്യവസ്ഥചെയ്തിട്ടുണ്ട്.

Sri. P. S. Nataraja Pillai: Is there such a provision in the present Act in Travancore?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഉണ്ട്. അങ്ങിനെ ഒരു ബോർഡ് രൂപീകരിക്കുന്നതിനും അതിൽ ഒഴിവുവരുമ്പോൾ അംഗങ്ങളെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകളും മറ്റുമാണ് രണ്ടാമത്തെ അദ്ധ്യായത്തിൽ കൊള്ളിച്ചിരിക്കുന്നത്. മൂന്നാമത്തെ അദ്ധ്യായത്തിൽ ഏതെല്ലാം വ്യവസായങ്ങൾക്ക് ധനസഹായം ചെയ്യാമെന്നു പ്രത്യേകം ചൂണ്ടിക്കാണിച്ചിരിക്കുന്നു. എല്ലാത്തരം വ്യവസായങ്ങൾക്കും ഗവൺമെൻറിൽനിന്നും ധനസഹായം കിട്ടുന്നതല്ല. കിട്ടാവുന്ന വ്യവസായങ്ങൾ ഏതെല്ലാമാണെന്നും കിട്ടുവാൻ വേണ്ട വഴികൾ ഏതെല്ലാമാണെന്നും ചൂണ്ടിക്കാണിക്കയും ചെയ്തിട്ടുണ്ട്. നാലാമത്തെ അദ്ധ്യായത്തിൽ വ്യവസായങ്ങളുടെ ആവശ്യത്തിനായി ഗവൺമെൻറിൽനിന്നും യന്ത്രസാമഗ്രികൾ വാങ്ങിക്കൊടുക്കുവാനും പല ഗഡുക്കളിലായി അതുകളുടെ വില കൊടുക്കുവാനും മറ്റുമുള്ള വ്യവസ്ഥകളാണ് അടങ്ങിയിരിക്കുന്നത് ഈ വ്യവസ്ഥ കൊച്ചിയിലെ നിയമത്തിൽ ഇല്ലാത്തതാണ്. അങ്ങിനെ പണം കടംകൊടുക്കുമ്പോൾ ഏതെല്ലാം വിധത്തിൽ അടയ്ക്കണമെന്നും അതു മുടക്കംവരുത്തിയാൽ എന്തെല്ലാമാണ് ചെയ്യേണ്ടതെന്നും ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു. അഞ്ചാം അദ്ധ്യായത്തിൽ വ്യവസായങ്ങൾക്ക് കടംകൊടുത്ത സംഖ്യകൾ തിരിയെ അടച്ചില്ലെങ്കിൽ അതു വസൂലാക്കുന്നതിനു ഏതെല്ലാം നടപടികളെടുക്കുന്നതാണെന്നു പറയുന്നു. കൊച്ചിയിലെ നിയമത്തിൽനിന്നും ഈ ബില്ലിൽ ഭേദഗതികൾ വരുത്തിയിട്ടുള്ളതു രണ്ടാം അദ്ധ്യായത്തിൽ കാണുന്ന ബോർഡും അതുപോലെ നാലാം അദ്ധ്യായത്തിൽ പറയുന്ന ഹയർ പർച്ചേസ് സിസ്റ്റവും മാത്രമാണ്. ഇതു ഒരു പുതിയ നിയമമല്ല. തിരുവിതാംകൂറിലെ നിയമത്തിലുണ്ടായിരുന്ന ഏതാണ്ടു വകുപ്പു ഈ ബില്ലിൽ വേണ്ടെന്നുവച്ചിട്ടുണ്ട്. ഇങ്ങനെ മുമ്പിലത്തെ നിയമം തന്നെ പറയത്തക്ക വ്യത്യാസമൊന്നുമില്ലാതെ ഇവിടെ ഹാജരാക്കിയിരിക്കയാണ്. ഈ രണ്ടു സംസ്ഥാനങ്ങളിലുമുള്ള നിയമങ്ങൾ ഏകോപിപ്പിച്ചു ഒരു നിയമം ഉണ്ടാക്കാൻവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു. ഈ ബില്ലിനെ

LIBRARY ARCHIVES Kerala Legislative Assembly

[Sri. P. K. Krishnankutty Menon]

സംബന്ധിച്ചുള്ള ഫിനാൻഷ്യൽ മെമ്മൊറാണ്ടം ഈ ബില്ലിനോടു് അനുബന്ധിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ടു്. കോൺസ്റ്റിറ്റ്യൂഷനിലെ 204-ാം ആർട്ടിക്കിൽ 4-ാം നം-ം ഉപവകുപ്പുകൾ അനുസരിച്ചു ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതിനും അതു് പഠിച്ചാലോചിക്കുന്നതിനും വേണ്ടി രാജപ്രമുഖന്റെ അനുമതി വാങ്ങിയിട്ടുള്ളതുമാകുന്നു.

4 p. m.]

Sri. P. S. Nataraja Pillai: The whole country will only be glad that steps are being taken to provide help for the industries in the State. Statutory sanction is being sought to provide it and to simplify the existing law. I think that all its provisions will have to be clearly examined before the Bill is passed. Various matters require careful consideration and it can only be clarified by a discussion in a Select Committee. In clause 11, you find "The condition of the grant of any of the forms of State aid specified in clauses (f) and (g) of sub-section (1) shall ordinarily be that the value of the aid granted as ascertained by the prescribed authority in the prescribed manner". That is the wording. Prescribed authority has not been defined. Sub clause 3.....

Mr. Speaker: Order, order. Does the hon. Member oppose the Bill?

Sri. P. S. Nataraja Pillai: I am moving the Bill for reference to a Select Committee.

Mr. Speaker: You can do that only after the Member in charge moves that the Bill be taken into consideration.

Sri. P. K. Krishnankutty Menon: I move that the Travancore-Cochin State Aid to Industries Bill be taken into consideration.

Sri. K. M. Korah: I second it.

Sri. P. S. Nataraja Pillai: I move that the Bill be referred to a Select Committee: I was making the observation that there are certain clauses which require more clear definition. To pass a Bill which requires careful scrutiny without refering to a select Committee is not correct. The Bill provides a Board with a non-official majority and they are given the power to grant loans. The Board must consider carefully the terms and conditions on which the loan is to be granted. There must be explicit provisions for that. There is a prohibition that persons interested in any particular industry, if they happen to be on the Board, should not vote on it. If persons who are interested in some industry happened to exercise that right and ultimately a loss is incurred by the State there is now no provision even to realise that loss from the person or persons who were responsible to grant it. There are certain words which are liable to various interpretations. "Prescribed persons" is one example. Who are the prescribed persons? There must be some definition. The present wording means that it has been prescribed in the rule. That is very dangerous. This is a very important Bill and very many clauses require careful reconsideration. I doubt very much whether this is a re-enactment of the old law as claimed by the hon. Minister. There are various changes here and there. Therefore, I think it is better to refer the Bill to a Select Committee so that it may go into the whole thing and submit their report as early as possible so that the Bill may be made into law. There is no intention to delay the Bill. Everyone likes to see the Bill passed into law. I always appreciate the idea of encouraging industries. When we enact a law, I think, it should not be done in a hurry. Only a day or a few minutes is necessary to complete all the proceedings in a House where the Government has complete majority. Rectifying the defects later on may or may not be easy. Therefore a committee must sit and think over the matter. Therefore I move the Bill for a Select Committee.

Mr. Speaker: Does the hon. Minister accept the amendment?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: സർ, ഒരു സെലക്ട് കമ്മിറ്റിക്ക് റഫർചെയ്യാൻ ആവശ്യപ്പെട്ടമെന്നുള്ള വിചാരത്തോടുകൂടിയല്ല ഇതിവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇവിടെ 1 0 വ മുതൽ ഉണ്ടായിരുന്ന ഒരു നിയമത്തെ അടിസ്ഥാനമാക്കി മാത്രമാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത് ബഹു. മെമ്പർ ശ്രീ. പി. എസ് നടരാജപിള്ള പറഞ്ഞതുപോലെ വ്യവസായങ്ങൾക്ക സഹായധനം നൽകുന്നതു് ഒരു ബോർഡല്ല. വ്യവസായങ്ങൾം സഹായധനം ആവശ്യപ്പെടുന്നപക്ഷം അപേക്ഷ ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസിനു് കൊടുക്കുകയും ആ അപേക്ഷ അദ്ദേഹത്തിന്റെ അഭിപ്രായത്തോടുകൂടി ബോർഡിനു് സമർപ്പിക്കയുമാണ് ചെയ്യുന്നതു്. ഇതിലെ ഫസ്റ്റ്–ാം വകുപ്പു നോക്കുന്നതായാൽ ബോർഡിന്റെ പര്യാലോചനക്കുശേഷം അവരുടെ ശുപാർശയോടുകൂടി ഗവണ്മെൻറിലേക്ക ആ അപേക്ഷ അയയ്ക്കുകയാണ് ചെയ്യുന്നതെന്നു കാണാം. സംഖ്യ അനുവദിക്കുന്നതു ഗവണ്മെൻറിൽനിന്നുമാത്രമാണ്.

പിന്നെ പ്രിസ്ക്രൈബ്ഡ് അതോറിട്ടി എന്ന വാക്കിന്റെ അർത്ഥം ഇതിൽ വ്യക്തമാക്കീട്ടില്ല എന്നു ഒരാക്ഷേപം ബഹു. മെമ്പർ പറയുകയുണ്ടായി. എന്നാൽ പ്രിസ്ക്രൈബ്ഡ്എന്ന വാക്കിന്റെ നിർവ്വചനംകൊണ്ടു ഗവണ്മെൻറിൽനിന്നും ഉണ്ടാക്കുന്ന രൂപകളിൽ prescribed authority ആരാണെന്നു വ്യക്തമാക്കുന്നതാണെന്നു കാണാവുന്നതാണ്.

പിന്നെ കൊച്ചിയിൽ ഇപ്പോൾ നിലവിലുള്ള നിയമപ്രകാരം ഗവണ്മെൻറിൽനിന്നും സഹായധനം കൊടുക്കാവുന്ന വ്യവസായങ്ങളേക്കാൾ കൂടുതൽ വ്യവസായങ്ങൾക്കു് തിരുവിതാംകൂർ വിഭാഗത്തു് അവിടത്തെ നിയമപ്രകാരം സഹായധനം കൊടുക്കുന്നതിനു് സാദ്ധ്യതയുണ്ടു്. കൂടുതൽ വ്യവസായങ്ങൾക്ക സഹായധനം കിട്ടുന്നതിനുവേണ്ടിയാണ് തിരുവിതാംകൂർ നിയമത്തിലെ വ്യവസ്ഥകൾം ഈ ബില്ലിൻ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. അതിനാൽ ഈ ബിൽ ഇപ്പോൾതന്നെ നിയമമാക്കി കൊടുക്കുന്നതു് കൊച്ചിക്കാർക്ക് വലുതായ ഒരു സഹായമായിരിക്കും. അതുകൊണ്ടു് ഈ ബിൽ പര്യാലോചനക്കെടുക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നുണ്ടു്. എങ്കിലും ബഹു. മെമ്പർ ശ്രീ. പി. എസ്. നടരാജപിള്ള അതു് സെലക്ട് കമ്മറ്റിക്കയക്കണമെന്ന അഭിപ്രായപ്പെടുകയാണെങ്കിൽ അതിനു് ഗവണ്മെൻറ തയാറാണ്.

Sri. P. S. Nataraja Pilli: I press that the Bill be referred to a Select Committee.

ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ: അപ്രകാരമാണെങ്കിൽ ബിൽ പരിശോധിച്ചു റിപ്പോർട്ട ചെയ്യുവാൻ ഞാനും ശ്രീ. പി. എസ്സ്. നടരാജപിള്ള ശ്രീ. എ. കെ. ജോർജ്ജു്, ശ്രീ. പി. കുഞ്ഞുകൃഷ്ണൻ, ശ്രീ. കെ. ശിവരാമപിള്ള, എന്നിവരും അടങ്ങിയ ഒരു സിലക്ട് കമ്മറ്റിയെ ഏല്പിക്കണമെന്നു് അപേക്ഷിക്കുന്നു.

Mr. Speaker: The question is that the Travancore-Cochin Stat Aid to Induatries Bill be referred to the Select Committee consisting of:

(1) Sri. P. K. Krishnankutty Menon
(2) Sri. P. S. Nataraja Pillai
(3) Sri. A. K. George
(4) Sri. P. Kunjukrishnan
(5) Sri. K. Sivarama Pillai

the quorum betng 3, The motion was adopted.

LIBRARY ARCHIVES Kerala Legislative Assembly